©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂൺ 19<br>19th June 2018<br>1193 മിഥുനം 5<br>5th Mithunam 1193<br>1940 ജ്യേഷ്ഠം 29<br>29th Jyaishta 1940 | നമ്പർ<br>No. | 25 |

## PART III

## Notifications by Heads of Departments

# Agriculture Development and Farmers' Welfare Department

### വിജ്ഞാപനം

നമ്പർ എസ്. ഇ. (2) 46445/2017. 2018 മേയ് 26.

ചുവടെ പറയുന്ന 16 അസിസ്റ്റന്റ് കൃഷി ഓഫീസർമാരെ 2018 വർഷത്തെ കൃഷി ഫീൽഡ് ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് 27-3-2018-ൽ കൂടിയ വകുപ്പുതല പ്രമോഷൻ കമ്മിറ്റി (ലോവർ) സെലക്ട് ചെയ്തിരുന്നു. ആയതിന് സ. ഉ. (സാധാ) നമ്പർ 429/2018/എഡി തീയതി 11 -5-2018 പ്രകാരം സർക്കാർ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

**സെലക്ട് ലിസ്റ്റ്**

1. കെ. ജോഷി
2. ലൂസിയ മെൻഡിസ്
3. കെ. കെ. നന്ദനൻ
4. എസ്. സീനത്ത് ബീവി
5. ബി. പി. മുഹമ്മദ് കോയ
6. കെ. കെ. സഫിയ
7. ഇ. വത്സല
8. കെ. എൻ. നാസർഖാൻ
9. എസ്. രമ
10. പി. എൻ. നജീദാബീഗം
11. എം. ജെ. തോമസ്
12. ജെ. ലിസി ഡാർലിംഗ്
13. എം. രാമകൃഷ്ണൻ
14. പി. കെ. വത്സലൻ
15. എ. അമീനാബീവി
16. എ. ലൈല

എ. എം. സുനിൽ കുമാർ,
കൃഷി ഡയറക്ടർ, കൺവീനർ,
ഡി. പി. സി. (ലോവർ).

തിരുവനന്തപുരം.

Gaz. No. 25/2018/DTP (Agriculture).

## പുനർ ദർഘാസ് പരസ്യം

നമ്പർ എസ്. എസ്. (1)1700/2018. 2018 മേയ് 26.

കേരള കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ തോട്ടങ്ങൾ, അംഗീകൃത നഴ്സറികൾ, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള അംഗീകൃത സ്ഥാപനങ്ങൾ, നേഴ്സറികൾ, റിസർച്ച് സ്റ്റേഷനുകൾ, കാർഷിക മേഖലയുമായി ബന്ധപ്പെട്ട മറ്റ് അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് 2018-19 വർഷത്തെ പദ്ധതികളിലെ നടീൽ വസ്തുക്കൾ, വിത്ത്, വളം, മറ്റ് കാർഷിക ഉപകരണങ്ങൾ മുതലായവ വിവിധ കൃഷി ഭവനുകളിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും എത്തിച്ച് കൊടുക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലോറി വാടകയ്ക്ക് നൽകുവാൻ തയ്യാറുള്ള ലോറി ഉടമകളിൽനിന്ന് മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

ദർഘാസ് ഫോറത്തിന്റെ വില:

ഒറിജിനൽ—₹ 900 + 12% ജി. എസ്. ടി.

ഡ്യൂപ്ലിക്കേറ്റ്—₹ 450 + ജി. എസ്. ടി.

നിരതദ്രവ്യം—₹ 9,000.

ദർഘാസ് ഫോറം വിൽക്കുന്ന അവസാന തീയതിയും സമയവും—20-6-2018 ഒരു മണി വരെ.

പൂരിപ്പിച്ച ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—20-6-2018 വൈകുന്നേരം 3 മണി വരെ.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—20-6-2018 വൈകുന്നേരം 3.30 മണി.

## നിബന്ധനകൾ

1. ദർഘാസ് ഫോറം കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.

2. ലഭിച്ച ദർഘാസുകൾ അന്നേദിവസം ഹാജരായവരുടേയോ അവർ അധികാരപ്പെടുത്തിയവരുടേയോ സാന്നിദ്ധ്യത്തിൽ മേൽപ്പറഞ്ഞ തീയതിക്കും സമയത്തും തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വിശ്വാസ യോഗ്യമായ ടെണ്ടറുകൾ താൽക്കാലികമായി അംഗീകരിക്കുന്നതും നിരക്ക് സംബന്ധിച്ച് ടിയാനുമായി കൂടിയാലോചന നടത്തി അന്തിമ തീരുമാനമെടുക്കുന്നതും കൃഷി ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതുമാണ്.

3. സമയപരിധിക്കുശേഷം ലഭിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

4. നിരതദ്രവ്യമായി ₹ 9,000-ന്റെ ഡിമാന്റ് ഡ്രാഫ്റ്റ് കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അംഗീകൃത ദേശസാത്കൃത ബാങ്കിന്റെ കാസർഗോഡ് ശാഖയിൽനിന്നും മാറത്തക്കവിധം സമർപ്പിക്കേണ്ടതാണ്.

5. ₹ 200-ന്റെ മുദ്രപത്രത്തിൽ ഒരു പ്രാഥമിക ഉടമ്പടി ദർഘാസിനൊടൊപ്പം സമർപ്പിക്കേണ്ടതാണ്.

6. നിരതദ്രവ്യവും ഉടമ്പടിയും ഇല്ലാത്തതും ദർഘാസുകാരന്റെ പൂർണ്ണമായ മേൽവിലാസം (ഫോൺ നമ്പർ സഹിതം) വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ ദർഘാസുകൾ യാതൊരു കാരണവശാലും അംഗീകരിക്കുന്നതല്ല.

7. ദർഘാസുകൾ ശരിയായി മനസ്സിലാകത്തക്ക രീതിയിൽ മേൽവിലാസത്തോടെ പൂരിപ്പിച്ചു നൽകേണ്ടതാണ്.

8. പൂരിപ്പിച്ച ദർഘാസുകൾ, നിരതദ്രവ്യം, ₹ 200-ന്റെ പ്രാഥമിക ഉടമ്പടി എന്നിവ കവറിലാക്കി സീൽ ചെയ്ത് കവറിന് പുറത്ത് നടീൽ വസ്തുക്കളുടെ വിതരണത്തിന് വാഹനങ്ങൾ ടെണ്ടർ വിളിക്കുന്നത് എന്ന് രേഖപ്പെടുത്തി സ്വന്തം മേൽവിലാസമെഴുതി കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിശ്ചിത സമയത്തിനകം നേരിട്ടേൽപ്പിക്കേണ്ടതാണ്.

9. ദർഘാസ് ഫോറത്തിന്റെ എല്ലാ പേജുകളിലും ഒപ്പിട്ടിരിക്കേണ്ടതാണ്. വെട്ടലുകളും തിരുത്തലുകളും ഉള്ള സ്ഥലത്ത് ടെണ്ടറുകാരൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

10. ദർഘാസ് തുറക്കുന്ന ദിവസം അവധി ആകുന്നപക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സ്ഥലത്തും സമയത്തും ദർഘാസുകൾ സ്വീകരിക്കുകയും തുറക്കുകയും ചെയ്യുന്നതാണ്.

11. ദർഘാസുകൾ യാതൊരു കാരണവും കാണിക്കാതെ നിരസിക്കുന്നതിനോ നിർത്തിവയ്ക്കുന്നതിനോ ഉള്ള പരമാധികാരം കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസറിൽ നിക്ഷിപ്തമാണ്. ദർഘാസ് സംബന്ധിച്ച് കൂടുതൽ വിവരങ്ങളും നിബന്ധനകളും പ്രവർത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നേരിട്ട് അന്വേഷിച്ചാൽ അറിയാവുന്നതാണ്. സർക്കാർ ടെണ്ടറുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ടെണ്ടറിനും ബാധകമായിരിക്കും.

12. വാടകയ്ക്ക് നൽകുന്ന ലോറിയുടെ ഭാരം വഹിക്കാവുന്ന ചുരുങ്ങിയ പരിധി 7 ടൺ ആയിരിക്കണം. നടീൽ വസ്തുക്കൾ തെങ്ങിൻ തൈകൾ ആണെങ്കിൽ ചുരുങ്ങിയത് 1500 തൈകൾ കയറ്റിയിരിക്കണം. തൈകൾ കുത്തനെ നിർത്തി മാത്രമേ ലോറിയിൽ കൊണ്ടു പോകുവാൻ പാടുള്ളൂ. പോളിത്തീൻ കവറുകളിലുള്ള കുരുമുളക് വള്ളികൾ, മറ്റ് തൈകൾ ആയ ജാതി, കമുക്, ഗ്രാമ്പൂ എന്നിവ അടങ്ങിയ പോളിത്തീൻ കവറുകൾ ചുരുങ്ങിയത് 1700 എണ്ണം വീതവും കശുമാവ് ഗ്രാഫ്റ്റുകൾ ഉൾക്കൊള്ളുന്ന പോളിത്തീൻ ബാഗുകൾ ചുരുങ്ങിയത് 1600 എണ്ണം വീതവും കയറ്റിയിരിക്കണം.

13. പ്രോട്രേക്കർ, കപ്പുകൾ, ചെറിയ പോളി ബാഗുകൾ എന്നിവയിൽ വളർത്തിയ നടീൽ വസ്തുക്കൾ ചുരുങ്ങിയത് 10000 എണ്ണം തൈകൾ കയറ്റിയിരിക്കേണ്ടതാണ്. വാഹനത്തിൽ ഇതിനുവേണ്ട ക്രമീകരണങ്ങൾ കരാറുകാരൻ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്. ഇതിലേക്കായി പ്രത്യേക ചാർജ്ജുകളൊന്നും നൽകുന്നതല്ല.

14. ലോറിയിൽ സാധനങ്ങൾ കയറ്റുന്നതും ഇറക്കുന്നതും അതാതു കേന്ദ്രങ്ങളിലെ തൊഴിലാളികൾ നേരിട്ട് ചെയ്യുന്നതാണ്. ആയതിനാൽ കയറ്റിറക്ക് കൂലി ദർഘാസിൽ കാണിക്കേണ്ടതില്ല. സാധനങ്ങൾ എടുക്കുന്നതിനും കയറ്റി ഓടുന്നതിനും നിർദ്ദിഷ്ട സ്ഥലത്ത് നിന്ന് ലോഡോഡു കൂടിയ കിലോമീറ്ററിനുള്ള വാടക ദർഘാസിൽ കാണിച്ചിരിക്കേണ്ടതാണ്. സാധനങ്ങൾ എടുക്കുന്നതിനോ ഇറക്കുന്നതിനോ ഉള്ള ദൂരത്തിനല്ലാതെ വെയ്റ്റിംഗ് ചാർജ്ജോ മറ്റ് യാതൊരു വിധത്തിലും ഓടുന്നതിന് വാടക കണക്കാക്കുന്നതല്ല. ടോൾ ഫീ, മറ്റ് ചെലവുകൾ എന്നിവ കരാറുകാരൻ സ്വയം വഹിക്കേണ്ട

താണ്. കരാറുകാരൻ ഒരേ സമയത്ത് ചുരുങ്ങിയത് 5 ലോറി വീതമെങ്കിലും ലഭ്യമാക്കാൻ ബാദ്ധ്യസ്ഥനാണ്. ദർഘാസുകൾ അംഗീകരിച്ചുകഴിഞ്ഞാൽ 10 ദിവസത്തിനകം 200-ന്റെ വിലയുള്ള മുദ്രപത്രത്തിൽ (അല്ലെങ്കിൽ ബാധകമായ നിരക്കിൽ) കരാറുകാരൻ നിശ്ചിത ഫോറത്തിലുള്ള കരാർ ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.

15. സാധനങ്ങൾ വിതരണം നടത്തുന്നതിന് ഉത്തരവ് കിട്ടിയാൽ ഉടൻ ആവശ്യാനുസരണം ലോറി ലഭ്യമാക്കി വിത്തുകൾ, വളം, നടീൽ വസ്തുക്കൾ, മറ്റ് കാർഷികോപകരണങ്ങൾ എന്നിവ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഏറ്റവും കുറഞ്ഞ ദൂരത്തിലൂടെ ഉത്തരവാദിത്വത്തോടെ എത്തിക്കേണ്ടതാണ്.

16. ആവശ്യാനുസരണം വാഹനങ്ങൾ ലഭ്യമാക്കാതെ നടീൽ വസ്തുക്കളുടെ നീക്കം തടസ്സപ്പെടാൻ ഇടയായാൽ അതുമൂലം സർക്കാരിനുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദി ആയിരിക്കുന്നതും ആയത് ടിയാനിൽ നിന്ന് ഈടാക്കുന്നതുമാണ്.

17. കരാറിന്റെ കാലാവധി 31-3-2019 വരെയായിരിക്കും.

18. ലഭ്യമാക്കുന്ന വണ്ടികളുടെ ആർ. സി. ബുക്കിന്റെയും ഇൻഷ്വറൻസിന്റേയും സാക്ഷ്യപ്പെടുത്തിയ കോപ്പികൾ ലഭ്യമാക്കേണ്ടതാണ്.

19. തൈകളും നടീൽ വസ്തുക്കളും കയറ്റി യഥാസ്ഥാനങ്ങളിൽ എത്തിക്കുന്നതിനിടയിൽ അവയ്ക്ക് കേടുപാടുകളും കുറവും സംഭവിച്ചാൽ ആയതിന് കരാറുകാരൻ ഉത്തരവാദി ആയിരിക്കുന്നതും ആയതിനുള്ള നഷ്ടപരിഹാരത്തുക ടിയാനിൽ നിന്ന് വസൂലാക്കുന്നതുമാണ്.

20. ഇൻകം ടാക്സ് അതാത് സമയത്ത് നിലവിലുള്ള നിരക്ക് പ്രകാരം ബില്ലിൽ നിന്ന് കുറവു ചെയ്യുന്നതാണ്.

21. കാലാകാലങ്ങളിൽ സർക്കാർ ഏർപ്പെടുത്തുന്ന സാമ്പത്തിക ക്രമീകരണങ്ങളും മറ്റും കാരണം ലോറി വാടക നൽകുവാൻ താമസം നേരിട്ടാൽ യാതൊരു കാരണവശാലും പലിശ നൽകുന്നതല്ല.

22. ദർഘാസ് അംഗീകരിച്ചതിനുശേഷം നിബന്ധനകൾ പാലിക്കാതെ വന്നാൽ കൃഷി ഡയറക്ടറുടെ അനുമതിക്ക് വിധേയമായി തൊട്ടടുത്ത ദർഘാസുകാരന് കരാർ നൽകുന്നതും ഇതുമൂലം സർക്കാരിനുണ്ടാകുന്ന അധികബാദ്ധ്യത ആദ്യ ദർഘാസുകാരന്റെ ബാധ്യതയായി കണക്കാക്കി ടിയാനിൽ നിന്നും ഈടാക്കുന്നതും ടിയാനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുമാണ്.

23. സർക്കാർ ആവശ്യത്തിന് ഓടുന്ന സമയത്ത് വാഹനത്തിന് ഏതെങ്കിലും തരത്തിൽ അപകടമോ തകരാറോ സംഭവിച്ചാൽ ആയതിന് സർക്കാർ ഉത്തരവാദി ആയിരിക്കുന്നതല്ല എന്നും ഇതിലേക്കായി ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഉത്തരവാദി കരാറുകാരൻ മാത്രമായിരിക്കും.

പ്രിൻസിപ്പൽ കൃഷി ഓഫീസ്, (ഒപ്പ്)
കാസറഗോഡ്. പ്രിൻസിപ്പൽ കൃഷി ഓഫീസർ.